പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1251 — 11.02.2016 -ൽ മറുപടിക്ക്

**റേഷൻ അരി ഒരു രൂപയ്ക്ക് നൽകുന്ന പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ**<br>**ശ്രീ.ഷാഫി പറമ്പിൽ**<br>**ശ്രീ.എം.പി.വിൻസെന്റ്**<br>**ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി** | **ശ്രീ. അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് റേഷൻ അരി ഒരു രൂപയ്ക്ക് നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. സംസ്ഥാനത്ത് കിലോയ്ക്ക് ഒരു രൂപ നിരക്കിലുള്ള അരി വിതരണം 2011 സെപ്റ്റംബർ 1 മുതൽ ആരംഭിച്ചു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേനെ കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) വിലക്കയറ്റം തടയുന്നതിനും സമൂഹത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ബി.പി.എൽ, എ.എ.വൈ വിഭാഗങ്ങൾക്ക് ഒരു രൂപയ്ക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തുന്നതിനും സാധിച്ചു. |
| (സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) അർഹരായ ആദിവാസി കുടുംബങ്ങളേയും പ്രാചീന ഗോത്ര വർഗ്ഗ കുടുംബങ്ങളേയും ഏറ്റവും ദരിദ്രരിൽ ദരിദ്രരായ വിഭാഗങ്ങളെയും എ.എ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി കാർഡ് നല്കുന്നുണ്ട്. എ.എ.വൈ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് പ്രതിമാസം 35 കിലോഗ്രാം അരി വീതം ഒരു രൂപ നിരക്കിൽ നല്കി വരുന്നു.<br>ബി.പി.എൽ വിഭാഗത്തിൽ 'ആശ്രയ' പദ്ധതിയിൽ അംഗമായിട്ടുള്ളവർ, മാനസികവും ശാരീരികവുമായി വൈകല്യമുള്ളവർ, ഓട്ടിസം ബാധിച്ചവർ, വിധവകൾ, എയ്ഡ്സ് രോഗികൾ, ക്യാൻസർ രോഗികൾ, ഡയാലിസിസിനു വിധേയമായവർ എന്നീ വിഭാഗങ്ങളിൽപ്പെട്ടവരേയും ദാരിദ്ര്യ രേഖയ്ക്ക് താഴെ വരുന്ന എല്ലാവരേയും ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുത്തി പ്രതിമാസം 25 കിലോഗ്രാം അരി ഒരു രൂപ നിരക്കിൽ നല്കി വരുന്നു. |

സെക്ഷൻ ഓഫീസർ